പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1613 — 15/02/2016 ൽ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ് രാജേന്ദ്രൻ: | കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി). |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ബജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | എ) 2013-14 സാമ്പത്തികവർഷം മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ചാലക്കുടിയിലുള്ള ആധുനിക മീറ്റ് പ്രോസസിംഗ് പ്ലാന്റ് പദ്ധതി കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം ക്ലിയറൻസ് ലഭ്യമാകാത്തതിനാൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കൂടാതെ കേരള ഫീഡ്സ് ലിമിറ്റഡിന്റെ കീഴിൽ കുട്ടനാട് പാക്കേജിന്റെ ഭാഗമായി വയ്ക്കോൽ കട്ട നിർമ്മാണ ഫാക്ടറി പദ്ധതിയും സ്ഥലത്തിന്റെ ലഭ്യതക്കുറവ് മൂലം തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല.<br>2014-15 സാമ്പത്തികവർഷം 50% കേന്ദ്രസഹായ പദ്ധതിയായ കുളമ്പുരോഗം നിയന്ത്രിക്കുന്നതിനുവേണ്ടി സംസ്ഥാന/മേഖല രോഗനിർണ്ണയ പരിശോധനശാലകൾ ശക്തിപ്പെടുത്തുന്നതിനായി വകയിരുത്തിയ 9.19കോടി രൂപയിൽ കേന്ദ്രവിഹിതം ലഭിക്കാത്തതുമൂലം ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. |
| ബി) അതിൽ ഏതൊക്കെ പദ്ധതികൾക്ക് എത്രവീതം തുക ബജറ്റിൽ വകയിരുത്തിയെന്ന് വിശദമാക്കാമോ; | ബി) 1. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ചാലക്കുടിയിലുള്ള ആധുനിക മീറ്റ് പ്രോസസിംഗ് പ്ലാന്റ് - 35 കോടി രൂപ<br>2. കേരള ഫീഡ്സ് ലിമിറ്റഡിന്റെ കീഴിൽ കുട്ടനാട് പാക്കേജിന്റെ ഭാഗമായി വയ്ക്കോൽ കട്ട നിർമ്മാണ ഫാക്ടറി പദ്ധതി - 4.5 കോടി രൂപ<br>3. കുളമ്പുരോഗം നിയന്ത്രിക്കുന്നതിനുവേണ്ടി സംസ്ഥാന/ മേഖല രോഗനിർണ്ണയ പരിശോധനശാലകൾ ശക്തിപ്പെടുത്തുക - 9.19 കോടി രൂപ |
| സി) പദ്ധതി ആരംഭിച്ചിട്ട് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | സി) പദ്ധതി ആരംഭിച്ചിട്ട് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലാത്തവ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ